(സി-ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ് & ജി) ഇത്തരം സ്ഥാപനങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് ഒരു തരത്തിലുള്ള സഹായവും നൽകുന്നില്ല.

(എച്ച്) ഇത്തരം സ്ഥാപനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളവയല്ല.

## കാസർഗോഡ് കന്നഡ മേഖലയിലെ സ്കൂളുകളിൽ അനുവദിച്ച മലയാളം സമാന്തര ഡിവിഷൻ

**22 (5154)** ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് കന്നഡ മേഖലയിലെ സ്കൂളുകളിൽ മലയാളം സമാന്തര ഡിവിഷൻ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ സ്കൂളുകളിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ മലയാളം ഡിവിഷൻ അനുവദിക്കുന്നതിന് കെ.ഇ.ആർ.നൽകുന്ന പരിരക്ഷ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) കന്നഡ സ്കൂളുകളിൽ മലയാളം ഭാഷാ ന്യൂനപക്ഷമായി പഠിക്കുന്ന കുട്ടികളുടെ താല്പര്യത്തിന് വേണ്ടി അനുവദിക്കപ്പെട്ട മലയാളം പാരലൽ ഡിവിഷനിലെ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതിന് നിലവിൽ തടസ്സമുണ്ടോ ; വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. സ്കൂളുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. ഗവ. ഹൈസ്കൂൾ, അടൂർ ;
2. ഗവ. ഹൈസ്കൂൾ, ആദൂർ ;
3. ഗവ. ഹൈസ്കൂൾ, അംഗടിമൊഗർ ;
4. ഗവ. ഹൈസ്കൂൾ, ബേക്കൂർ ;
5. ഗവ. ഹൈസ്കൂൾ, ബെള്ളൂർ ;
6. ഗവ. ഹൈസ്കൂൾ, ബംഗര മഞ്ചേശ്വരം ;
7. ഗവ. ഹൈസ്കൂൾ, ദേലംപാടി ;
8. ഗവ. ഹൈസ്കൂൾ, കുമ്പള ;
9. ഗവ. ഹൈസ്കൂൾ, കുഞ്ചത്തൂർ ;
10. ഗവ. ഹൈസ്കൂൾ, മംഗൽപാടി ;

LIBRARY ARCHIVES Kerala Legislative Assembly

11. ഗവ. ഹൈസ്കൂൾ, മുള്ളേരിയ ;

12. ഗവ. ഹൈസ്കൂൾ, പാടി ;

13. ഗവ. ഹൈസ്കൂൾ, ഉപ്പള ;

14. ഗവ. ഹൈസ്കൂൾ, പൈവളിഗെ നഗർ ;

15. ഗവ. ഹൈസ്കൂൾ, ഷേണി ;

16. എൽ.പി.സ്കൂൾ, മജിബയൽ ;

17. എൽ.പി. സ്കൂൾ, വാമഞ്ചൂർ ;

18. എൽ.പി. സ്കൂൾ, തലക്കള ;

19. എൽ.പി. സ്കൂൾ, ഉദ്യാവർ ;

20. എൽ.പി. സ്കൂൾ, കുഞ്ചത്തൂർ ;

21. എൽ.പി. സ്കൂൾ, മംഗൽപാടി ;

22. ഗവ.യു.പി. സ്കൂൾ, കടമ്പാർ ;

23. ഗവ.യു.പി. സ്കൂൾ, ഉദ്യാവർ

24. എസ്.എസ്.എച്ച്.എസ്, ഷേണി ;

25. എച്ച്.എഫ്.എ.എസ്.ഇ.എസ്, കുമ്പള ;

26. എ.എസ്.ബി.എസ്, കുണ്ടികാന ;

27. എസ്.എ.എൽ.പി.എസ്, നരംപാടി ;

28. എ.എൽ.പി.എസ്, ബടൂർ പടവ് ;

29. എസ്.എസ്.എ.യു.പി.എസ്, ഷേണി ;

30. എ.യു.പി.എസ്, ബോവികാന ;

31. എ.യു.പി.എസ്, മഡനോ ;

32. എ.യു.പി.എസ്, കല്ലെംഗായി ;

33. എ.എൽ.പി.എസ്, കോട്ടൂർ ;

34. എ.യു.പി.എസ്, മൂവാർ ;

35. എ.യു.പി.എസ്, മുല്ലേറിയ ;

36. എസ്.എം.എം.എ. യു.പി.എസ്, മുണ്ടിയതട്ക്ക ;

37. എ.ജെ.ബി.എസ്, പുതിഗ ;

38. എ.ജെ.ബി.എസ്, യെൽഘാന.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം VIII ചട്ടം 7 എ പ്രകാര മാണ് കന്നഡ മീഡിയം സ്കൂളുകളിൽ മലയാളം പ്രത്യേക ഡിവിഷൻ അനു വദിക്കുന്നത്. കെ.ഇ.ആർ. അദ്ധ്യായം VIII ചട്ടം 7എ പ്രകാരം തമിഴ്/കന്നഡ ഭൂരിപക്ഷ മേഖലയിൽ പ്രത്യേകമായി മലയാളം മീഡിയം ഡിവിഷൻ അനുവദി ക്കുന്നതിന് പ്രൈമറി സ്കൂളിൽ കുറഞ്ഞത് 10 കുട്ടികൾ ഉണ്ടായിരിക്കണമെന്നും ഹൈസ്ക്കൂളിൽ കുറഞ്ഞത് 15 കുട്ടികൾ ഉണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

(സി) അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നത് കെ.ഇ.ആർ. വ്യവസ്ഥകൾ പ്രകാരമാണ്. അധിക തസ്തിക സൃഷ്ടിക്കുവാനോ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുവാനോ പാടില്ല എന്ന വ്യവസ്ഥയിലാണ് സമാന്തര ഡിവിഷനുകൾ അനുവദിക്കുന്നത്.

**സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ തുടങ്ങാൻ നടപടി**

**23 (5155)** ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും കൂടുതൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ തുടങ്ങാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) കേരളത്തിലെ പാഠ്യപദ്ധതി പരിഷ്ക്കരണം സി.ബി.എസ്.ഇ. യുടെതിനു തുല്യമാക്കുമോ ;

(സി) മെഡിക്കൽ എഞ്ചിനീയറിംഗ് അഡ്മിഷന് സീറ്റുകൾക്ക് ആനുപാ തികമായി സ്പോർട്സ് ക്വാട്ട വർദ്ധിപ്പിക്കുമോ ; ഇല്ല എങ്കിൽ എന്താണ് തടസ്സം ?

ഉത്തരം

(എ) ബന്ധപ്പെട്ട സ്ക്കൂളുകളിൽ നിന്ന് ഉയർന്നുവരുന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഇംഗ്ലീഷ് മീഡിയം ക്ളാസ്സുകൾ ആരംഭിക്കാൻ അനുമതി നൽകാവുന്നതാണ്.

(ബി) ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005-ന്റെ അടിസ്ഥാനത്തിലാണ് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 തയ്യാറാക്കിയത്. സ്ക്കൂൾ പാഠ്യപദ്ധതി ഇതിന്റെ അടിസ്ഥാനത്തിൽ പരിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly